**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 739** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവർക്ക് ഭവനം ഉറപ്പാക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ 149 പട്ടികജാതി കുടുംബങ്ങളുണ്ട്. ഭവന രഹിതരായ ശേഷിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ (കൈ) നം. 36/2026/പജപവവിവ തീയതി. 07/10/2026 പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്.

**(ബി)** പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര കുടുംബങ്ങൾ കുറ്റ്യാടി നിയോജകമണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവർക്ക് പാർപ്പിട സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** കുറ്റ്യാടി നിയോജകമണ്ഡലത്തിലുള്ള പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 47 കുടുംബങ്ങൾക്കും ഭവനങ്ങളുണ്ട്.

**(സി)** പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പഞ്ചമി ഗ്രാമം പദ്ധതിയിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലൂടെ എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിൽ നിലവിൽ പഞ്ചമി ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല. പൈലറ്റ് പ്രൊജക്റ്റ് എന്ന നിലയിൽ പാലക്കാട് ജില്ലയിലാണ് പഞ്ചമി ഗ്രാമം പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. മറ്റു ജില്ലകളിൽ നടപ്പ് വർഷം തന്നെ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**